LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

256 (921) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ വർഷങ്ങളായി പേര് രജിസ്റ്റർ ചെയ്തിട്ടും അർഹതപ്പെട്ടവരെ പോലും യാതൊരു തൊഴിലിനും വിളിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ;

(സി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഇതുസംബന്ധിച്ച് പരാതി ലഭിച്ചാൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതും നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിൽ ചേർത്ത് തുടർന്നുവരുന്ന വേക്കൻസികളിലേയ്ക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി പരിഗണിക്കുന്നതുമാണ്.

പെരിങ്ങോട്ടുകരയിലെ ചേർപ്പ് ഐ.ടി.ഐ.-ക്ക് ഭൂമി

257 (922) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക നിയോജകമണ്ഡലത്തിലെ പെരിങ്ങോട്ടുകരയിൽ പ്രവർത്തിക്കുന്ന ചേർപ്പ് ഐ.ടി.ഐ.-യ്ക്കുവേണ്ടി അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് വക 64 സെന്റ് ഭൂമി, ഗ്രാമവികസന വകുപ്പ്, ഇൻഡസ്ട്രിയൽ ടെയിനിംഗ് വകുപ്പിന് കൈമാറി ഉത്തരവ് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(ബി) ഗ്രാമവികസന വകുപ്പ് നൽകിയ ഭൂമി കൈമാറ്റ ഉത്തരവ് പ്രകാരം ഈ ഭൂമി വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥയനുസരിച്ച് ഏറ്റെടുക്കുവാൻ കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കുമോ ;

(സി) അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് വക ഭൂമി ഐ.ടി.ഐ.-യുടെ ആവശ്യത്തിന് വേണ്ടി മാത്രം കൈമാറിക്കിട്ടിയ സ്ഥിതിക്ക്, പ്രസ്തുത ഭൂമി റവന്യൂ വകുപ്പിന് റിലിൻക്വിഷ് ചെയ്യേണ്ട ആവശ്യമുണ്ടോ ;

(ഡി) ഇല്ലെങ്കിൽ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം, നിർദ്ദിഷ്ട സ്ഥലം ഏറ്റെടുക്കാൻ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് വക കുന്പിലാവ് വില്ലേജ് സർവ്വേ നമ്പർ 606/1, 606/2-ൽപ്പെട്ട 0.2549 ഹെക്ടർ (63 സെന്റ്) സ്ഥലം, ചേർപ്പ് ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പിന് സൗജന്യമായി വിട്ടുകൊടുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് ജി.ഒ. (ആർ റ്റി.) നമ്പർ 252/15/ ത.സ്വ.ഭ.വ. തീയതി 28-1-2015 പ്രകാരം അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി-ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശ ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് വിട്ടൊഴിഞ്ഞാൽ മാത്രമേ ഭൂമി വിട്ടൊഴിയൽ നടപടിപ്രകാരം തണ്ടപ്പേരിൽ കുറവുചെയ്ത് പുറന്പോക്കിലേയ്ക്ക് മാറ്റിയശേഷം സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്ന് 8-5-2013-ലെ LR-K2-18287/12 നമ്പർ സർക്കുലറിലൂടെ റവന്യൂവകുപ്പ് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻപ്രകാരം നടപടി സ്വീകരിച്ചശേഷം മാത്രമേ പ്രസ്തുത സ്ഥലം വകുപ്പിന് ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. ടി സ്ഥലം സർക്കാരിലേയ്ക്ക് വിട്ടൊഴിയുന്നതിനുള്ള നടപടി നിലവിലത്തെ ഉടമ എന്നനിലയ്ക്ക് അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്. റവന്യൂ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർദ്ദിഷ്ട സ്ഥലം വകുപ്പ് ഏറ്റെടുക്കുന്നതാണ്.

ഐ.ടി.ഐ.-കളുടെ കണക്കുകൾ

258 (923) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ 2006-15 കാലയളവിൽ ഓരോ വർഷവും എത്ര വീതം സീറ്റുകൾ ഉണ്ടായിരുന്നുവെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഓരോ വർഷവും എത്ര സീറ്റുകളും സ്കൂളുകളും എവിടെയെല്ലാം അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) അനുവദിക്കപ്പെട്ട ഐ.ടി.ഐ.-കളിൽ ഇതുവരെ അഫിലിയേഷൻ ലഭിക്കാത്തവ ഏതെല്ലാമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly